(ഡി) കെ.എസ്.ആർ.ടി.സി.-യുടെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ തന്നെ ആയിരിക്കും KSRTC-SWIFT-ന്റെ ചെയർമാൻ & മാനേജിംഗ് ഡയറക്ടറും.

(ഇ) കിഫ്ബിയുടെ ലോൺ ഉപയോഗിച്ച് ബസുകൾ വാങ്ങുവാൻവേണ്ടി ഒരു Special Purpose Vehicle (SPV) form ചെയ്യേണ്ടതുണ്ട്. അതാണ് KSRTC- SWIFT.

(എഫ്) 10 വർഷം കഴിയുമ്പോൾ KSRTC-SWIFT പൂർണ്ണമായും കെ.എസ്.ആർ.ടി.സി.-യിൽ ലയിപ്പിക്കും.

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 2021 ജൂൺ മാസം മുതൽ പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതാണെന്നുള്ള പ്രഖ്യാപനം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് അംഗീകൃത ട്രേഡ് യൂണിയനുകളുമായി ഗതാഗത വകുപ്പുമന്ത്രി 21-6-2021-ൽ ചർച്ച നടത്തിയിരുന്നു. ശമ്പള പരിഷ്കരണം വൈകുന്ന സാഹചര്യത്തിൽ 2020 ഡിസംബർ മാസം (2020 നവംബറിലെ ശമ്പളം) മുതൽ ഇടക്കാലാശ്വാസമായി 1,500 രൂപ എല്ലാ ജീവനക്കാർക്കും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻകാർക്ക് 2021 ജൂൺ മാസം മുതൽ വിതരണംചെയ്യുന്ന പെൻഷനോടൊപ്പം പ്രതിമാസം 500 രൂപ വീതം ഇടക്കാലാശ്വാസമായി നൽകിവരുന്നു. കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത സംഘടനകളുമായി ചർച്ചചെയ്ത് സമവായത്തിലെത്തി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ അംഗീകാരത്തോടെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ദീർഘകാല കരാർ ഒപ്പിട്ടുകൊണ്ട് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

**കെ.എസ്.ആർ.ടി.സി. -യുടെ ടിക്കറ്റിതര വരുമാനമാർഗ്ഗങ്ങൾ**

194 (2914) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റ് ഇതര വരുമാന മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

&

(ബി) ഇപ്രകാരമുള്ള വരുമാന മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കൂടാതെ കൊറിയർ പാഴ്സൽ, എ.ടി.എം എന്നിവയ്ക്കായി ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാനമാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്: കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസുകളെ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും നിലവിൽ മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. Scheduled Tribes Development Department-ന് കെ.എസ്.ആർ.ടി.സി.-യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെ.ടി.ഡി.സി., 'ഷോപ്പ് ഓൺ വീൽസ്' പദ്ധതിയിൽ താൽപ്പര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് സാധിക്കും. മൂന്നാറിൽ "സ്ലീപർ ഇൻ ബസ്" എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യമൊരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ലീപ്പർ ഇൻ ബസ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാനുദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ "Sight seeing" എന്ന പദ്ധതിയും "conducted tour" മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ട്. കൊവിഡ്-19 കിറ്റുകൾ കൊണ്ടുപോകുന്നതിന് കെ.എസ്.ആർ.ടി.സി ലോജിസ്റ്റിക്സ് എന്ന പേരിൽ കെ.എസ്.ആർ.ടി.സി.-യുടെ വാനുകൾ സജ്ജീകരിക്കുകവഴിയും ടിക്കറ്റിതര വരുമാനം കൂടുതലായി ലഭിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി ബസുകളിലും ലോറികളിലും സർക്കാർ/അർദ്ധ സർക്കാർ വകുപ്പുകളുടെ രഹസ്യ സ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് നടപടി കൈക്കൊള്ളാനും കൊറിയർ പാഴ്സൽ സർവ്വീസ് വിപുലീകരിക്കുവാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഉയർന്ന ഗുണമേന്മയും വാഹനങ്ങളുടെ എഞ്ചിൻ ഓയിൽ തുടങ്ങി മുഴുവൻ ലൂബ്രിക്കന്റ്സുകളും പ്രമുഖ ഓയിൽ കമ്പനികളുമായി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചേർന്ന് കെ.എസ്.ആർ.ടി.സി രൂപമാറ്റം വരുത്തിയ ബസ്സുകളിൽ വിതരണം ചെയ്യുന്നതിന് 'ലൂബ്ഷോപ്പ്' എന്ന പദ്ധതി 2021 ജൂലൈ 23-ാം തീയതി ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ഡിപ്പോകളിലെ ഡീസൽ പമ്പുകൾ IOC മുതലായ വൻകിട എണ്ണ കമ്പനികളുടെ സഹകരണത്തോടെ പൊതു വാഹനങ്ങൾക്കുകൂടി ഉപയോഗിക്കത്തക്കരീതിയിൽ "ഫ്യൂവൽ കോംപ്ലക്സ്" (CNG + LNG + Electric vehicle charging + Diesel + Petrol) സ്ഥാപിക്കുന്നതോടൊപ്പം, പൊതുജനങ്ങൾക്ക് ആവശ്യം വരുന്ന സൗകര്യങ്ങൾ (public amenities), കഫറ്റേരിയ, എ.ടി.എം., റെസ്റ്റ് റൂമുകൾ ഒരുക്കുന്നതിനായിട്ടുള്ള നൂതന പദ്ധതി ആവിഷ്കരിക്കാനായി പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. CNG, LNG ഔട്ട്ലെറ്റുകൾ സ്ഥാപിക്കുകവഴിയും കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിലൂടെ ടിക്കറ്റിതര വരുമാനത്തിൽ വൻവർദ്ധനവ് വരുത്തുന്നതിന് സാധിക്കും. ദീർഘകാലാടിസ്ഥാനത്തിൽ ഷോപ്പിംഗ് കോമ്പ്ലക്സുകൾ കെ.എസ്. ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിന് (പൊതു മേഖല കെ.എസ്.ആർ.ടി.സി. സംയുക്ത സംരംഭം) നൽകുന്നതിലൂടെ ടിക്കറ്റിതര വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിന് സാധിക്കും. കൂടാതെ പരസ്യലേലം ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി e-Tender നടപടികൾ സ്വീകരിക്കുവാൻ പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങൾ, പണി പൂർത്തികരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസ്സിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വരുമാന സ്രോതസുകൾ ശരിയായി മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(സി) ടിക്കറ്റിതര വരുമാനമാർഗ്ഗങ്ങൾ വഴി എത്ര തുക സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

കോവിഡ്- 19 മഹാമാരിക്കുമുൻപ് പ്രതിമാസ ടിക്കറ്റിതര വരുമാനം 3,14,86,785 രൂപയായിരുന്നു. മേൽ പിരിവിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം പ്രതിമാസം 25 കോടി രൂപ ആയി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു.